DESPATCHED
On...11/06/2020
08/05/2020



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.2101(7)/2014**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.12931/എസ്.ഐ.സി-ജി 6/14

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ.എൻ ദിവാകര കുറുപ്പ്
ചിറക്കരോട്ട് വീട്
കടയ്ക്കാട് പന്തളം-689501 } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   സെക്രട്ടറി
   പന്തളം ഗ്രാമപഞ്ചായത്ത്
   പന്തളം പി.ഒ
   പത്തനംതിട്ട ജില്ല-689 501

2. അപ്പീൽ അധികാരി
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
   പത്തനംതിട്ട

} **എതിർകക്ഷികൾ**

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. 29.10.2013 ൽ ഹർജിക്കാരൻ നൽകിയ 6 ചോദ്യങ്ങൾ ഉൾപ്പെട്ട വിവരാവകാശ അപേക്ഷയ്ക്ക് 03.12.2013 എസ്.പി.ഐ.ഒ മറുപടി നൽകുകയും ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് ഹർജിക്കാരൻ 13.02.2014 ൽ അപ്പീൽ അധികാരിക്ക് അപ്പീൽ സമർപ്പിക്കുകയും 18.03.2014 അപ്പീൽ അധികാരി മറുപടി നൽകുകയും ചെയ്തു.ആയതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് മറുപടി നൽകി

യത് അസി.എഞ്ചിനീയർ എൽ എസ്.ജി.ഡി പന്തളത്തിൽ നിന്നും ലഭിച്ച മറുപടി യുടെ അടിസ്ഥാനത്തിലാണെന്നാണ് പ്രസ്താവിച്ചിരുക്കുന്നത്.

3. എസ്.പി.ഐ.ഒ. കമ്മീഷനിൽ 13.02.2020 ൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ, ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്കുള്ള മറുപടി നൽകിയിട്ടു ണ്ടെന്നും, 2015 നവംബർ ഒന്നാം തിയതിയാണ് ഗ്രാമപഞ്ചായത്ത് നഗരസഭയായി പ്രഖ്യാപിക്കപ്പെട്ടതെങ്കിലും ബന്ധപ്പെട്ട ഫയലുകളോ രേഖകളോ മുനിസിപ്പൽ ഉദ്യോഗസ്ഥർക്ക് കൈമാറി ലഭിച്ചില്ലെന്നാണ് ബോധിപ്പിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ വിവരാവകാശ നിയമപ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ടവ നൽകിയതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നുകണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2020 മേയ് 08–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)